**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3188** **11-03-2025 - ൽ മറുപടിയ്ക്ക്**

**ലൈഫ് ഗാർഡുകളുടെ സേവനവേതന വ്യവസ്ഥകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിനോദസഞ്ചാരികളുടെ സുരക്ഷയ്ക്കായി നിയോഗിച്ചിട്ടുള്ള ലൈഫ് ഗാർഡുകളുടെ സേവനവേതന വ്യവസ്ഥകൾ വ്യക്തമാക്കുമോ; ഇവരുടെ വേതനം പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | വിനോദ സഞ്ചാര വകുപ്പിനു കീഴിൽ അംഗീകൃത തസ്തികയിൽ, ദിവസവേതനാടിസ്ഥാനത്തിലാണ് ലൈഫ് ഗാർഡുകളെ നിയമിക്കുന്നത്. നിലവിൽ പ്രതിദിനം 730/- രൂപ വേതനവും 100/- രൂപ റിസ്ക് അലവൻസും നൽകിവരുന്നു. സർക്കാർ അതാത് കാലങ്ങളിൽ നിശ്ചയിക്കുന്ന, താൽക്കാലിക ജീവനക്കാർക്കുള്ള വേതനനിരക്കിലാണ് ലൈഫ് ഗാർഡുകൾക്ക് വേതനം അനുവദിച്ചുനൽകുന്നത്. ആയതിനാൽ വേതന നിരക്കുകൾ പൊതുവായി പരിഷ്കരിക്കുമ്പോൾ ലൈഫ് ഗാർഡുകൾക്കും അതിനനുസരിച്ച് വേതനം നൽകുന്നതാണ്. |
| (ബി) | ലൈഫ് ഗാർഡുകൾക്ക് എല്ലാ ടൂറിസം ഡെസ്റ്റിനേഷനുകളിലും ഷെൽട്ടറുകളും ശുചിമുറികളും ഉൾപ്പെടെ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | പ്രധാന ടൂറിസം ഡെസ്റ്റിനേഷനുകളിൽ സേവനം അനുഷ്ഠിക്കുന്ന ലൈഫ് ഗാർഡുകൾക്ക് ഷെൽട്ടറുകളും ശുചിമുറികളും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ നിലവിൽ ലൈഫ് ഗാർഡുകളുടെ സേവനം ലഭ്യമാക്കി വരുന്ന മറ്റ് ഡെസ്റ്റിനേഷനുകളിൽ കൂടി ടി സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ